**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4426**

**21.03.2018-ൽ മറുപടിക്ക്**

**മൂവാറ്റുപുഴ കിഴക്കേക്കരയിൽ ഏഴുവയസ്സുകാരിയെ പീഡിപ്പിച്ച സംഭവം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. അനിൽ അക്കര** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| മൂവാറ്റുപുഴ കിഴക്കേക്കരയിൽ ഏഴുവയസ്സുകാരിയായ തമിഴ് പെൺകുട്ടി പീഡിപ്പിക്കപ്പെട്ട സംഭവത്തിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | "തമിഴ് ബാലികയെ പീഡിപ്പിച്ചയാളെ കേസ്സിൽ നിന്നും രക്ഷിക്കാൻ ശ്രമം" എന്ന് 13/02/2018-ൽ വന്ന പത്രവാർത്തയെത്തുടർന്ന് ചൈൽഡ് ലൈനിൽ ഈ കാര്യത്തിന്റെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിച്ചതിൽ നിന്നും മൂവാറ്റുപുഴ നിർമ്മല കോളേജിന് പുറകുവശം കിഴക്കേക്കര കാട്ടുകണ്ടം കവല ഭാഗത്ത് തേപ്പുകട നടത്തുന്ന രാജയെന്നയാളുടെ മകളായ 6 വയസ്സുള്ള ജനനി എന്ന കുട്ടിയെ ടി തേപ്പുകടയുടെ സമീപം പലചരക്കുകട നടത്തുന്ന മക്കാർ എന്നയാൾ കടയിൽ വച്ച് പീഡിപ്പിച്ചുവെന്നും ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ച ചൈൽഡ് ലൈൻ പ്രവർത്തകരോട് കുട്ടിയുടെ അച്ഛനായ രാജയെന്നയാൾ സംഭവത്തെപ്പറ്റി വ്യത്യസ്തമായ രീതിയിൽ പറഞ്ഞിട്ടുള്ളതാണെന്നും, കുട്ടിയും അമ്മ ലക്ഷ്മിയും ഒന്നിച്ച് 11/02/2018 തീയതി പളനിയ്ക്ക് പോയിട്ടുള്ളതാണെന്ന് പറയുകയും, ടി കുട്ടിയെ നേരിൽ കണ്ട് കാര്യങ്ങൾ അറിയുന്നതിലേയ്ക്കായി CWC മുമ്പാകെ കുട്ടിയെ ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നതും എന്നാൽ കുട്ടിയെ CWC മുമ്പാകെ ഹാജരാക്കാതെ രാജയും തമിഴ്നാട്ടിലേയ്ക്ക് പോയിട്ടുള്ളതായും ടി കുട്ടിയുടെ മാതാപിതാക്കളുടെ ഫോൺ |

നമ്പറുകളിൽ വിളിച്ചതിൽ ടി നമ്പറുകൾ സ്വിച്ച് ഓഫ് ആണെന്നും മറ്റും ചൈൽഡ് ലൈൻ പ്രവർത്തകരിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. ഈ പത്രവാർത്തയുടെ നിജസ്ഥിതിയെക്കുറിച്ച് അന്വേഷിക്കുന്നതിന് മൂവാറ്റുപുഴ ഡി.വൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഇതിൻപ്രകാരം അന്വേഷിച്ചതിൽ ടി സംഭവം നടന്നതായി പറയുന്ന തീയതി വ്യക്തമായിട്ടില്ലാത്തതും, ആരോപണ വിധേയനായ വ്യക്തിയുടെ വിലാസം മൂവാറ്റുപുഴ വില്ലേജ് , കിഴക്കേക്കര കരയിൽ, കുറുപ്പത്തടം വീട്ടിൽ മക്കാർ എന്ന് മനസ്സിലാക്കിയിട്ടുള്ളതുമാണ്. സംഭവത്തെക്കുറിച്ച് വ്യക്തവും, കൃത്യവുമായ 'വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തതും കുട്ടിയും കുടുംബവും ടി സ്ഥലത്തുനിന്നും പോയത് ആരോപണ വിധേയനായ വ്യക്തിയുടെ സമ്മർദ്ദമോ മറ്റ് സ്വാധീനമോ മൂലമാണെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടില്ലാത്തതുമാണ്. ടി സംഭവത്തിന്റെ യഥാർത്ഥ വസ്തുത ലഭ്യമാകണമെങ്കിൽ കുട്ടിയേയും, മാതാപിതാക്കളേയും നേരിൽ കണ്ട് അന്വേഷണം നടത്തേണ്ടതായുണ്ട്. ടി കാര്യത്തിന് വ്യക്തവും, കൃത്യവുമായ വിവരങ്ങൾ ലഭിച്ചിട്ടില്ലാത്തതിനാൽ മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതാണ്. കുട്ടിയേയും അമ്മയേയും കണ്ടെത്തുന്നതിനായി ഊർജ്ജിത ശ്രമം നടത്തിവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**